വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(സി) പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് ഇതിനകം 67 വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. (ഉപചോദ്യം 'എ' യ്ക്കുള്ള ഉത്തരത്തിൽ അനുബന്ധമായി വച്ചിട്ടുണ്ട്)†

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1593) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുള്ള സംവിധാനം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.എ. തോമസ് :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാലതാമസം വരുത്തുന്നതും കാര്യങ്ങൾ മുടക്കിയിടുന്നതും ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ബി) ഓഫീസ് കാര്യങ്ങളിൽ നിരന്തരം അലംഭാവവും വീഴ്ചയും വരുത്തുന്നവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) മേലുദ്യോഗസ്ഥൻമാരുടെ മിന്നൽപരിശോധന ഏർപ്പെടുത്താനുദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപനം ജനങ്ങൾക്ക് ഗുണകരമായി അനുഭവപ്പെടാൻ ജീവനക്കാർ ജോലി ചെയ്യുന്നു എന്നു കൂടി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ഓഫീസ്സുകളുടെ ഭരണം കൃത്യനിഷ്ഠയും കാര്യക്ഷമവുമാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് യഥാസമയം ഓഫീസുകളിൽ എത്തുന്നതിനും പോകുന്നതിനും ആയി ട്രാഫിക് തടസ്സങ്ങൾ കുറയ്ക്കുന്നതിനും കൂടുതൽ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) തിരുവനന്തപുരത്ത് രാവിലെ എത്തുന്ന ട്രെയിനുകൾ 10 മണിയ്ക്ക് എത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ ഓഫീസുകളിലെ ഫയലുകളിലുള്ള കാലതാമസം ഒഴിവാക്കാനും സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കേരളാ ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കാലതാമസം നേരിടുന്ന ഫയലുകൾ തീർപ്പാക്കാൻ തീവ്രയത്ന പരിപാടികൾ സെക്ഷൻ/വകുപ്പുതലത്തിൽ മാസത്തിലൊരിക്കൽ സംഘടിപ്പിക്കാനും രജിസ്റ്ററുകളുടെ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ കർശനമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)&(സി) ഓഫീസ് കാര്യങ്ങളിൽ വീഴ്ചയും, അലംഭാവവും വരുത്തുന്നവർക്കെതിരെ സെക്രട്ടേറിയേറ്റ് മാനുവൽ/എം.ഒ.പി. എന്നിവയിലെ ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടുന്നു എന്നു ഉറപ്പുവരുത്തുന്നതാണ്. കൂടാതെ ഉന്നത ഉദ്യോഗസ്ഥർ സെക്ഷനുകളിൽ സർപ്രൈസ് ചെക്ക് നടത്തി ഹാജർ നില, ഫയൽ എന്നിവ പരിശോധിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ട്രാഫിക് തടസ്സങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇക്കാര്യം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

2 (1594) മേൽത്തട്ട് സംബന്ധിച്ച സുപ്രീംകോടതി വിധി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേൽത്തട്ട് സംബന്ധിച്ച സുപ്രീംകോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മേൽത്തട്ട് നിർണ്ണയിക്കുവാൻ ഒരു കമ്മിഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംവരണ സംരക്ഷണ നിയമം സുപ്രീംകോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പി.എസ്.സി നിയമനങ്ങളെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വിവിധ വകുപ്പുകളിൽ നിയമനം നടത്തുന്നതിനുവേണ്ടി പി.എസ്.സി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം ഇതു കാരണം വൈകുമോ;

(ജി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly